# 01.10.2014 ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 01.10.2014 ന് 11.00 മണിക്ക് നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. ടി.വി. സുലൈഖാബിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ ശ്രീ. ഗോപിനാഥൻ.കെ., ശ്രീ. എ. റസാക്ക്, ശ്രീ. കെ.കെ. നാസർ, ശ്രീ. കെ. അബു, ശ്രീ. അമരിയിൽ നൗഷാദ് ബാബു എന്നീ കൗൺസിലർമാർ ഒഴികെ മറ്റു കൗൺസിലർമാരും, സെക്രട്ടറി, മറ്റു ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തിരുന്നു.

**യോഗത്തിലെ തീരുമാനം.**

## 1. G3-8272/12

അതുല്യം- സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി 2014-15 (രണ്ടാംഘട്ടം) നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ കത്ത് കൗൺസിൽ അറിവിലേയ്ക്കും പരിഗണനയ്ക്കും.

**തീരുമാനം.**

കത്ത് വായിച്ചു റിക്കാർഡാക്കി. സർവ്വെ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

## 2. R3-12538/11

കോട്ടക്കൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളുടെ ലൈസൻസ് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച ബൈലോ രൂപീകരിക്കുന്നതിനും, ആക്ഷേപങ്ങളും, അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനും 17/7/2014ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കരട് ബൈലോ പ്രസിദ്ധീകരിച്ചതിൽ ലഭിച്ച നിർദ്ദേശങ്ങളും ആക്ഷേപങ്ങളും കൗൺലിൽ പരിഗണനയ്ക്ക്.

കുറിപ്പ്: 1. 23/7/2014 തീയതിയിൽ കരട് ബൈലോ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.
2. ശ്രീ. മുഹമ്മദ് ഷെരിഫ് 25/8/2014ൽ രേഖാമൂലം നിർദ്ദേശങ്ങൾ സർപ്പിച്ചിട്ടുള്ളതാണ്.

**തീരുമാനം.**

കോട്ടക്കൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളുടെ ലൈസൻസ് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച ബൈലോ ഭേദഗതികളോടെ അംഗീകരിച്ചു. പ്രസിദ്ധീകരിക്കുന്നതിനു തീരുമാനിച്ചു.

**വസ്തുവഹകൾ ആർജ്ജിക്കലും കയ്യൊഴിക്കലും സംബന്ധിച്ചുള്ള ബൈലോ**

1994 -ലെ KMAct 567 വകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും ടി ആക്ടിന്റെ 215(1), (2), (2)C, 3(2), 9(8) എന്നിവ അനുസരിച്ചും കോട്ടക്കൽ നഗരസഭ താഴെപ്പറയുന്ന ബൈലോ ചമയ്ക്കുന്നു.

**അതിൻ പ്രകാരം**

1. ഈ ബൈലോ KMAct 215(4)(2) -ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നതും "കോട്ടക്കൽ നഗരസഭ (കെട്ടിടമുറികൾ കയ്യൊഴിക്കൽ) ബൈലോ-2014" എന്ന പേരിൽ അറിയപ്പെടുന്നതുമാണ്.
2. പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ബൈലോ പ്രാബല്യത്തിൽ വരുന്നതാണ്.

**<u>മുറിയുടെ ലൈസൻസ് കൈമാറ്റം ചെയ്യുമ്പോൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.</u>**

1. ഒരിക്കൽ കൈമാറ്റം ചെയ്ത മുറിയുടെ ലൈസൻസ് പിന്നീട് വരുന്ന മൂന്ന് വർഷ കാലഘട്ടത്തിനുള്ളിൽ പിന്തുടർച്ചവകാശം വഴി അല്ലാതെ കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതാണ്. അല്ലാത്തപക്ഷം നഗരസഭ പരസ്യമായി ലേലം ചെയ്തു കൈ ഒഴിയുന്നതാണ്.
2. പുതിയതായി ലൈൻസ് ലഭിക്കുന്നയാൾ മുറിയുടെ ഘടനയിലോ, സ്വഭാവത്തിലോ നഗരസഭയുടെ അനുമതി കൂടാതെ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലാത്തതാണ്.
3. ഓരോ വർഷവും നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് പുതുക്കേണ്ടതാണ്.
4 കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്നവർ ചുരുങ്ങിയതു മൂന്ന് മാസം മുമ്പെങ്കിലും സംയുക്തമായി നഗരസഭയ്ക്ക് അപേക്ഷ നൽകേണ്ടതും ആയത് പൊതുജനങ്ങളുടെ അറിവിലേയ്ക്കുമായി പ്രസിദ്ധം ചെയ്യേണ്ടതും ആക്ഷേപങ്ങൾ നൽകാൻ പൊതുജനങ്ങൾക്ക് അവസരം നൽകേണ്ടതുമാണ്.
5 മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ/പാർട്ടണർഷിപ്പ് ഡീഡ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.
6. റിട്ടയർമന്റ് ഡീഡ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.
7. കൈമാറ്റം ചെയ്യേണ്ടമുറിയുടെ ലൈസൻസ് ഫീസ്, സർവ്വീസ് ടാക്സ്, തൊഴിൽ നികുതി, D&O ലൈസൻസ് എന്നിവയിൽ കുടിശ്ശിഖ പാടില്ലാത്തതാണ്.
8. മുൻകൂർ വാടകയിനത്തിൽ 6 മാസത്തെ വാടക ഡിപ്പോസിറ്റായി അടവാക്കേണ്ടതാണ്.
9. ഡെപ്പോസിറ്റായി 50,000/-രൂപയോ കൗൺസിൽ നിശ്ചയിക്കുന്ന തുകയോ ഇവ ഏതാണ് കൂടുതൽ ആയതു അടവാക്കേണ്ടതാണ്.
10. തെറ്റായ വിവരം നൽകി കൈമാറ്റം നടത്തിയതു ശ്രദ്ധയിൽപ്പെട്ടാൽ 8, 9ൽ പറഞ്ഞിട്ടുള്ള തുകകൾ നഗരസഭ ഫണ്ടിലേയ്ക്ക് കണ്ടുകെട്ടുന്നതും മുറി നഗരസഭ കൈവശത്തിലെടുക്കുന്നതുമാണ്.
11. 10 പ്രകാരം കൈവശത്തിലെടുക്കുന്ന മുറികൾ കൗൺസിൽ അതാതു സംഗതികളിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി കൈ ഒഴിയുന്നതാണ്.
12. ഇത്തരം കൈമാറ്റ വിഷയങ്ങളിൽ നിലവിലെ വാടകക്കാരന്റെ നിക്ഷേപ തുകയ്ക്ക് പുതിയ ലൈസൻസിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല
13. പുതിയതായി ഏറ്റെടുക്കുന്ന ലൈസൻസി അതാത് സന്ദർഭങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ തുക അടവാക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

## 3. R3-1116/11

നഗരസഭയുടെ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ അടഞ്ഞുകിടന്നിരുന്നത് സംബന്ധിച്ച വിവിധ സംഘടനങ്ങളുടെ പരാതികളും, മാധ്യമ ദിനപത്രത്തിലെ വാർത്തയും കൗൺസിലിന്റെ പരിഗണനയ്ക്ക് അയക്കുന്നതിന് 14/8/2014ലെ 1-ാം നമ്പർ സ്റ്റീയറിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്. വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 24/9/2014 ഹെൽത്ത് ഇൻസ്പെക്ററുടെ റിപ്പോർട്ടിൽ latrine ഒഴിച്ച് ബാക്കി എല്ലാം പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

### തീരുമാനം.

നഗരസഭയുടെ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിൽ ലാട്രീൻ സൗകര്യങ്ങൾ ഒഴികെ മറ്റു സൗകര്യങ്ങൾ നിലവിൽ ഉണ്ട് എന്ന് കൗൺസിലിന് ബോധ്യമുള്ളതിനാൽ ലാട്രീൻ സൗകര്യം കൂടി പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് സൗകര്യം ചെയ്തുകൊടുക്കുന്നതിന് ലൈസൻസിയോട് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## 4. PW2-10208/14

നഗരസഭയിലെ 6, 30 വാർഡുകളിലൂടെ കടന്നു പോകുന്ന മാനവേദൻ രാജ റോഡിന്റെ നായാടിപ്പാറ മുതൽ തേക്കാംപാറ വരെ (തോപ്പിൽ റോഡ്) യുള്ള ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ എടുക്കുന്നതിന് റോഡ് കട്ടിംഗിനായി 15 പേർ അപേക്ഷിച്ചിട്ടുണ്ട്. ആയത് അനതുവദിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** **Restoration** ചാർജ്ജ് താഴെ പറയും പ്രകാരം ഈടാക്കാൻ എം.ഇ. ശുപാർശ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1) ശ്രീ. സേതുമാധവൻ, S/o. ഗോപാലൻ നായർ | - | 4046 |
| 2) ശ്രീ. സുരേഷ്.കെ. S/o.ശ്രീധരൻ നായർ | - | 2373 |
| 3) ശ്രീമതി. രാധ പരപ്പിൽ | - | 3444 |
| 4) ശ്രീ. ഭരതൻ. യു. ഉള്ളാട്ട് | - | 4046 |
| 5) ശ്രീമതി. മീര ആണ്ടേങ്ങാട്ടിൽ W/o.അശോക് കുമാർ | - | 1722 |
| 6) ശ്രീതമി. ഇന്ദിര W/o.ചന്ദ്രൻ | - | 1843 |
| 7) ശ്രീ. പ്രേമ കുമാരൻ.പി | - | 3960 |
| 8) ശ്രീ. രാജേന്ദ്രൻ. കെ. | - | 2373 |
| 9) ശ്രീ. കെ. പി. നാരായണൻ | - | 1730 |
| 10) ശ്രീമതി. ഉഷ. എ W/o.രാമചന്ദ്രൻ | - | 2373 |
| 11) ശ്രീ. കൃഷ്ണദാസ് അമരിയിൽ | - | 3894 |
| 12) ശ്രീ. വേണുഗോപാലൻ. പി. പനക്കൽ | - | 2374 |
| 13. ശ്രീമതി കനക താഴെകുന്നത് | - | 3284 |
| 14. ശ്രീമതി. കൃഷ്ണകുമാരി. പി. | - | 2904 |
| 15. ശ്രീമതി. വിജയം. ടി. | - | 3308 |

### തീരുമാനം.

പ്രസ്തുത റോഡിന്റെ പ്രവൃത്തി തുടങ്ങുന്നതിന്റെ തൊട്ടുമുമ്പ് **Restoration** ചാർജ്ജ് ഈടാക്കി റോഡു കട്ടിംഗ് അനുവദിക്കുന്നതിന് തീരുമാനിച്ചു. വാർഡ് മൂന്നിൽ നെല്ലിക്കാപറമ്പ് റോഡിൽ ടാർ കട്ട് ചെയ്ത് വാട്ടർ ലൈൻ സ്ഥാപിക്കുന്നതിന് അനുമതിയ്ക്കായി പുളിക്കലകത്ത് കുട്ടിഹസ്സൻ എന്നയാളുടെ അപേക്ഷ അംഗീകരിച്ചു. എം.ഇ. തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 2403/-രൂപ അടവാക്കാൻ നിർദ്ദേശം നൽകാനും തീരുമാനിച്ചു. (PW2-16170/14)

## 5. PW2-9762/14

നഗരസഭയുടെ അധീനതയിലുള്ള പഴയ കൃഷിഭവൻ കെട്ടിടം റിപ്പയർ ചെയ്യുന്നതിന് നഗരസഭ എഞ്ചിനീയർ തയ്യാറാക്കിയ 1,75,000/-രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

തീരുമാനം.

1,75,000/-രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് തീരുമാനിച്ചു. പ്രവൃത്തി ഗുണഭോക്തൃസമിതി മുഖേന നടത്തുന്നതിനും തീരുമാനിച്ചു.

## 6. CDS 12347/11

5/8/2014ന് ചേർന്ന CDS നഗരസഭാതല വിലയിരുത്തൽ സമിതിയുടെ യോഗ മിനിട്സ് കൗൺസിലിന്റെ അറിവിലേയ്ക്കും പരിഗണനയ്ക്കുമായി.

**കുറിപ്പ്:** മിനിട്സ് പ്രത്യേകം തയ്യാറാക്കി ഇതോടൊപ്പം സമർപ്പിക്കുന്നു.

തീരുമാനം.

5/8/2014ന് ചേർന്ന CDS നഗരസഭാതല വിലയിരുത്തൽ സമിതിയുടെ യോഗ മിനിട്സ് വായിച്ചു റിക്കാർഡാക്കി. ശുപാർശകൾ അംഗീകരിച്ചു.

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പരിഗണിച്ചു.**

## 7. PW1-16623/11

2011-12 വർഷത്തെ മെയിന്റനൻസ് റോഡ് പ്രവർത്തികൾക്ക് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എറണാകുളത്തു നിന്ന് 1420/- രൂപ നിരക്കിൽ 36.66 ടൺ ടാർ കൊണ്ടു വന്നതിന് ചെലവായ 52057/-രൂപ അനുവദിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക് അംഗീകാരത്തിന്

കുറിപ്പ്: ബഹു. ചെയർപേഴ്സന്റെ 7/2/2012 തീയതിയിലെ മുൻകൂർ അനുമതി പ്രകാരം ശ്രീ. കെ. അബ്ദുവിന്റെ ഏറ്റവും കുറഞ്ഞ നിരക്കിലമു ക്വട്ടേഷൻ അംഗീകരിക്കുന്നതാണ്.

തീരുമാനം.

അംഗീകരിച്ചു.

## 8. PW2-16266/14

കോട്ടക്കൽ ബസ് സ്റ്റാന്റ് പരിധിയിൽ ഓടുന്ന ടാറ്റാ മാജിക് ഐറിസ് (മോട്ടോർ ക്യാമ്പ്) വാഹനം ഓടിക്കുന്നതിനും പാർക്ക് ചെയ്യുന്നതിന് സ്ഥലം അനുവദിക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കുഞ്ഞിപോക്കർ എന്നവരുടെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

തീരുമാനം.

ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നതിന് തീരുമാനിച്ചു.

## 9. പ്രമേയം

കോട്ടക്കൽ വൈദ്യുതി സെക്ഷൻ 25,000ത്തിലധികം LT ഉപഭോക്താക്കളും 25ത്തിലധികം HT ഉപഭോക്താക്കളും 150തിലധികം ട്രാൻസ്ഫോർമറുകളും 100 സ്ക്വയർ കിലോമീറ്റർ ചുറ്റളവുമുള്ള വലിയ ഒരു വൈദ്യുതി സെക്ഷൻ ഓഫീസാണ്.

നിലവിലുള്ള മറ്റു വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ 15000ത്തിൽ താഴെ ഉപഭോക്താക്കൾ ഉള്ളൂ എന്നിരിക്കെ കോട്ടക്കൽ സെക്ഷന്റെ കീഴിൽ ഇതു വളരെ കൂടുതലാണ്. കണക്ഷൻ ലഭിക്കുന്നതിനും മറ്റു സേവനങ്ങൾക്കും ഈ സെക്ഷന്റെ കീഴിൽ ഉപഭോക്താക്കൾക്ക് കാലതാമസവും വളരെയധികം ബുദ്ധിമുട്ടും അനുഭവിക്കുകയാണ്.

കോട്ടക്കൽ വൈദ്യുതി സെക്ഷന്റെ ഈ ഒരു സാഹചര്യം കണക്കിലെടുത്ത് നിലവിലുള്ള കോട്ടക്കൽ വൈദ്യുതി സെക്ഷൻ വിഭജിച്ചു അനുയോജ്യമായ സ്ഥലത്ത് പുതിയ ഒരു സെക്ഷൻ കൂടി രൂപീകരിക്കണമെന്ന് ഈ യോഗം സർക്കാരിനോട് ആവശ്യപ്പെടുന്നു.

അവതാരകൻ : പി. ഉസ്മാൻകുട്ടി. (ഒപ്പ്)
അനുവാദകൻ : പി. മൂസകുട്ടി ഹാജി. (ഒപ്പ്).

## തീരുമാനം.

പ്രമേയം ഐക്യകണ്ഠേന അംഗീകരിച്ചു. സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനും തീരുമാനിച്ചു. നഗരസഭയുടെ മുൻവശത്തുള്ള ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിന് KSEBയോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

## 10. R4-12990/11

വിനോദനികുതി കോമ്പൗണ്ട് ചെയ്ത് നൽകിയതിന്റെ കാലാവധി 2014 സെപ്തംബർ മാസം തീരുകയാണെന്നും 2014 ഒക്ടോബർ മാസം മുതൽ മൂന്ന് മാസത്തേയ്ക്ക് കൂടി നിലവിലെ നിരക്കിൽ തന്നെ കോമ്പൗണ്ട് ചെയ്ത് തരണമെന്ന മാനേജർ, ലീന തിയേറ്റർ സ്ക്രീൻ II എന്നവരുടെ 29/9/2014ലെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 1) ലീന തിയേറ്റർ സ്ക്രീൻ II ന് പ്രതിമാസം 25885/- രൂപയ്ക്ക് കോമ്പൗണ്ട് ചെയ്ത് നൽകിയിട്ടുള്ളത്.
2) നിലവിൽ ടി തിയേറ്ററിന് 2014 സെപ്തംബർ മാസം വരെയാണ് കോമ്പൗണ്ട് ചെയ്ത് നൽകിയിട്ടുള്ളത്.

## തീരുമാനം.

നിലവിലെ നിരക്കിൽ തന്നെ മൂന്ന് മാസത്തെയ്ക്ക് വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് നൽകുവാൻ തീരുമാനിച്ചു.

**(യോഗം. 12.30 മണിക്ക് അവസാനിച്ചു)**

(ഒപ്പ്)
**ചെയർപേഴ്സൺ,**
**കോട്ടക്കൽ നഗരസഭ.**